പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1186.** **06.06.2018 ൽ മറുപടിയ്ക്ക്**

## വ്യാജമദ്യം കുടിച്ച് മരിച്ച സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വേങ്ങപ്പ ജിനെക്കുംതറ മരമൂല കോളനി നിവാസി ഗോപി എന്ന ആദിവാസി കോട്ടത്തരയിലെ കള്ളുഷാപ്പിൽ നിന്നും വ്യാജമദ്യം കുടിച്ചത് കാരണം മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിക്കുമോ; | (എ) | അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണം നടത്തിയതിൽ പോസ്റ്റമോർട്ടം റിപ്പോർട്ട്, രാസ പരിശോധന റിപ്പോർട്ട് എന്നിവ പ്രകാരം വ്യാജമദ്യം കഴിച്ചത് മൂലമല്ലാ ഗോപി എന്ന ആദിവാസി മരണപ്പെട്ടത് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഷോപ്പിൽ വ്യാജമദ്യം വിൽക്കുന്നുവെന്ന പരാതി ഇതിന് മുമ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; | (ബി) | മുൻപ് പരാതി ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ഷോപ്പിന്റെ ലൈസൻസിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത ഷോപ്പിൽ നിന്നും രാസ പരിശോധനക്കയച്ച കള്ളിന്റെ സാമ്പിളിൽ വീര്യം കൂടുതൽ കണ്ടെത്തിയതിനെത്തുടർന്ന് 10/05/2018-ൽ ലൈസൻസിയുടെ പേരിൽ അബ്കാരി ആക്ട് 57 (എ) 56 (ബി) വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | മരണമടഞ്ഞ ഗോപിയുടെ ആശ്രിതർക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | വ്യാജമദ്യം കഴിച്ചല്ല ടിയാൻ മരണപ്പെട്ടത് എന്നതിനാൽ ധനസഹായം നൽകിയിട്ടില്ല. |

[signature]

**സെക്ഷൻ ഓഫീസർ**